(ഇ) കുടിശ്ശിക തീർക്കാനും പ്രവൃത്തി പുനരാരംഭിക്കുവാനുമായി ഏകദേശം 30 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(എഫ്) 1995-ൽ.

(ജി) വിദ്യാർത്ഥികൾക്ക് നിസ്സാര പരിക്ക് മാത്രമാണ് ഉള്ളത്.

180 (1540) കണ്ണൂർ ജില്ലയിൽപ്പെട്ട മാത്തിൽ റൂറൽ ഡിസ്പെൻസറിയിലെ ചികിൽസാസൗകര്യം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കായ്കോൽ ആലപ്പറമ്പ് പഞ്ചായത്തിലെ മാത്തിൽ റൂറൽ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തിനായി കെട്ടിടം പത്ത് വർഷം മുൻപ് ഉദ്ഘാടനം ചെയ്യപ്പെട്ടു എങ്കിലും ആവശ്യമായ തസ്തികയില്ലാത്തതിനാൽ കിടത്തി ചികിത്സിക്കാൻ കഴിയാത്ത സ്ഥിതി നിലവിലുള്ളതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ),(ബി)&(സി) ഈ സ്ഥാപനത്തിൽ 10 കിടക്കകളുള്ള ഒരു വാർഡാണ് നിർമ്മിച്ചിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡം അനുസരിച്ച് 10 കിടക്കകൾക്ക് ഒരു ഡോക്ടറിൽ കൂടുതൽ അനുവദിക്കാൻ നിർവ്വാഹമില്ല. 10 കിടക്കകളുള്ള വാർഡിന് അനുവദനീയമായ സ്റ്റാഫിനെ ഈ സ്ഥാപനത്തിലേക്ക് നൽകിയിട്ടുണ്ട്. ഇതിലുപരിയായി ഇവിടെ കിടത്തിചികിത്സ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കണക്കിലെടുത്ത് ഒരു സ്റ്റാഫ് നെഴ്സ് ഒരു ഹോസ്പിറ്റൽ അറ്റൻഡർ, ഗ്രേഡ് 1 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണനയിൽ ആണ്.

181 (1541) തൃക്കരിപ്പൂർ, നീലേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ പ്രസവ വാർഡ്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, നീലേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പ്രസവ വാർഡ് നിർമ്മിക്കുവാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന മാതൃശിശുസംരക്ഷണ പദ്ധതി (ആർ.സി.എച്ച്.) പ്രകാരം പ്രസവ വാർഡ് നിർമ്മിക്കുന്നതിനും മറ്റ്

LIBRARY ARCHIVES Kerala Legislative Assembly